"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മഹാത്മ അയ്യൻകാളി ജലോത്സവം വെള്ളായണി 2026, തിരുവനന്തപുരം - സംഘാടനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1514/2026/LSGD തീയതി,തിരുവനന്തപുരം, 13-08-2026

---

പരാമർശം:- 1. അയ്യൻകാളി ജലോത്സവ സംഘാടക സമിതി ചെയർമാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ.

**ഉത്തരവ്**

2026 ആഗസ്റ്റ് 25 മുതൽ 28 വരെ തീയതികളിൽ വെള്ളായണി കായലിൽ വച്ച് നടക്കുന്ന 49-ാമത് മഹാത്മാ അയ്യൻകാളി ജലോത്സവം, ഓണം -ടൂറിസം വാരാഘോഷം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് അയ്യൻകാളി ജലോത്സവ സംഘാടക സമിതി ചെയർമാൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ആഗസ്റ്റ് 25 മുതൽ 28 വരെ തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന മഹാത്മ അയ്യൻകാളി ജലോത്സവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്നും ₹2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) വീതവും നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ നിന്നും നേമം, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) വിതവും നേമം, അതിയന്നൂർ ബ്ലോക്കുകൾക്ക് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും ₹50,000/- (അൻപതിനായിരം രൂപ മാത്രം) വിതവും ജലമേള നടക്കുന്ന കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം). രൂപയും അയ്യൻകാളി ജലോത്സവ സംഘാടകസമിതിക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.ചെലവുകൾ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 13-08-2026
16:54:17

സെക്ഷൻ ഓഫീസർ